പത്രക്കുറിപ്പ്

**KERALA STATE COMMISSION FOR PROTECTION OF CHILD RIGHTS**
T.C. 14/2036, VanrossJn,University P.O,
Thiruvananthapuram – 34
e-mail : pro.cpcr@gmail.com
Phone : 0471 – 2326603/04/05

24.11. 2020

# ബാലനീതിനിയമത്തിന്റെ ചുമതലക്കാർ ഏകോപിച്ച് പ്രവർത്തിക്കണം : ബാലാവകാശ കമ്മീഷൻ ചെയർമാൻ

കുട്ടികൾക്കെതിരേയുള്ള അതിക്രമങ്ങൾ തടയുന്നതിന് ബാലനീതി നിയമത്തിന്റെ നടത്തിപ്പുകാരായ എല്ലാ അധികാരസ്ഥാപനങ്ങളെയും ഒരു ചങ്ങല പോലെ കോർത്തിണക്കി ഏകീകരിച്ച് പ്രവർത്തിക്കണമെന്ന് സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചെയർമാൻ കെ. വി മനോജ്കുമാർ പറഞ്ഞു. കുട്ടികൾക്കു നേരെയുള്ള അതിക്രമങ്ങൾക്ക് കാരണം കുട്ടികളുടെ കുഴപ്പമാണെന്ന മട്ടിൽ പലപ്പോഴും പൊതുസമൂഹം പെരുമാറുന്നത് കാണാം. ഈ സമീപനം അങ്ങേയറ്റം ആക്ഷേപകരമാണ്. ഇത് തിരുത്തപ്പെടേണ്ടതാണ്. തൃശൂർ ജില്ലയിലെ പോക്സോ നിയമത്തിന്റെ ചുമതലക്കാരുടെ ഓൺലൈൻ ശിൽപ്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു ചെയർമാൻ. കുട്ടിയുടെ കുറ്റം കൊണ്ടല്ല അതിക്രമം സംഭവിച്ചതെന്ന് ബോദ്ധ്യപ്പെടുത്തുന്നതിനും കേസന്വേഷണത്തിൽ വീഴ്ചകൾ സംഭവിക്കാതെയിരിക്കുന്നതിനും ചുമതലപ്പെട്ടവരുടെ ഏകോപിച്ചുള്ള പ്രവർത്തനം അനിവാര്യമാണ്.

കുട്ടിയുടെ മൊഴി രേഖപ്പെടുത്തുമ്പോൾ പ്രതിഭാഗം അഭിഭാഷകൻ ഹാജരാകാൻ പാടില്ലെന്ന് ചെയർമാൻ ചൂണ്ടിക്കാട്ടി. അതിക്രമത്തെക്കുറിച്ച് വിശദീകരിക്കാൻ കുട്ടി പലപ്പോഴും വൈമനസ്യം കാട്ടുന്നതിനാൽ വിവരങ്ങൾ ചോദിച്ചറിയുന്ന കാര്യത്തിൽ പൊലീസിന് പരിശീലനം നൽകണം. കമ്മീഷൻ അംഗം പി.പി ശ്യാമളാകുമാരി അദ്ധ്യക്ഷയായി. കെ. നസീർ, ഫാ. ഫിലിപ്പ് പരക്കാട്ട്, ബി. ബബിത, സി. വിജയകുമാർ, റെനി ആന്റണി എന്നിവർ പങ്കെടുത്തു.

പബ്ലിക് റിലേഷൻസ് ഓഫീസർ